# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor: SINDHU. K S Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff


**GOVERNMENT OF KERALA**

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003

**Website:** fibkerala.gov.in

**E-mail:**piofibtvm@gmail.com

**Telephone:** 0471 – 2318186, 2317314


## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 17/03/2026

1. വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിൽ ഡ്രോൺ പൈലറ്റ് പരിശീലനത്തിന് അപേക്ഷിക്കാം. കാർഷിക മേഖലയിലെ ഡ്രോൺ സാധ്യതകൾ, സ്മാർട്ട് കൃഷി രീതികൾ എന്നിങ്ങനെ പുതുമയുള്ള കാർഷിക ആശയങ്ങൾ സംരംഭമാക്കി മാറ്റുന്നതിനായി അഗ്രി ബിസിനസ് ഇൻക്യുബേറ്ററിലെ റാഫ്താർ പദ്ധതിയിലേക്ക് ഏപ്രിൽ 15 മുതൽ മെയ് 15 വരെ അപേക്ഷിക്കാം. റാഫ്താർ പദ്ധതി പ്രകാരം കാർഷിക മേഖലയിൽ വേറിട്ട ആശയങ്ങളുള്ള പ്രീ- സീഡ് സ്റ്റേജ് സ്റ്റാർട്ടപ്പുകൾക്ക് പദ്ധതിയിലൂടെ ആശയങ്ങൾ പ്രോട്ടോടൈപ്പുകളായി വികസിപ്പിച്ചെടുക്കുന്നതിനായി 5 ലക്ഷം വരെ ധന സഹായവും, നൂതന ആശയങ്ങളുള്ള വിദ്യാർത്ഥികളിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ ആശയങ്ങൾ സംരംഭമായി വികസിപ്പിക്കുന്നതിനുമായി 4 ലക്ഷം രൂപ വരെ ധനസഹായവും ലഭ്യമാക്കുന്നു. നിലവിൽ സംരംഭം തുടങ്ങിയ സീഡ് സ്റ്റേജ് സ്റ്റാർട്ടപ്പുകൾക്ക് പ്രോട്ടോടൈപ്പുകളുടെ വിപുലീകരണത്തിനും വാണിജ്യവത്കരണത്തിനുമായി 25 ലക്ഷം രൂപ വരെ ധന സഹായം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നൽകുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ അഗ്രി ബിസിനസ് ഇൻക്യൂബേറ്ററും മോധ എയ്റോ അക്കാദമി പ്രൈവറ്റ് ലിമിറ്റഡും സംയുക്തമായാണ് ഡ്രോൺ പൈലറ്റ് പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്. കാർഷിക, വാണിജ്യ ആവശ്യങ്ങൾക്കായി സർട്ടിഫൈഡ് ഡ്രോൺ പൈലറ്റുമാരെ വാർത്തെടുക്കുക, ഡ്രോൺ പ്രവർത്തനം, കേടുപാടു തീർക്കൽ, ഡാറ്റാധിഷ്ഠിത ഫാം മാനേജ്മെൻ്റ് എന്നിവയിൽ വൈദഗ്ധ്യമുള്ള പ്രൊഫഷണലുകളെ സൃഷ്ടിക്കുക എന്നിവയാണ് പരിശീലന പരിപാടിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. കാർഷിക ഡ്രോണുകൾക്കുപരി നിരീക്ഷണത്തിനും വിള ഇൻഷുറൻസിനുമുള്ള മിനിഡ്രോണുകളുടേയും പരിശീലനവും സർവ്വകലാശാലയിലെ ഡ്രോൺ പൈലറ്റ് പരിശീലന കേന്ദ്രം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് കേരള കാർഷിക സർവ്വകലാശാലയിലെ അഗ്രിബിസിനസ്സ് ഇൻക്യുബേറ്ററിലെ സേവനങ്ങൾ ലഭ്യമാകുന്നതിനും ഡ്രോൺ പൈലറ്റ് പരിശീലനത്തിനും മറ്റ് സംരംഭകത്വ വികസന പരിശീലനങ്ങൾക്കുമായി ഡോ. കെ.പി സുധീർ അഗ്രിബിസിനസ്സ് ഇൻക്യുബേറ്റർ മേധാവി കാർഷിക

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എഞ്ചിനീയറിംഗ് വിഭാഗം, കാർഷിക കോളേജ് കേരള കാർഷിക സർവ്വകലാശാല വെള്ളാനിക്കര, തൃശ്ശൂർ – 680 656 എന്ന വിലാസത്തിലോ, 9778436265/0487 2438332 എന്നീ ഫോൺ നമ്പറുകളിലോ Email: cohagengg@kau.in/rabi.kau.in എന്ന ഇ മെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ വെള്ളാനിക്കര ക്യാമ്പസിലെ കോളേജ് ഓഫ് കോ-ഓപ്പറേഷൻ, ബാങ്കിങ് & മാനേജ്മെന്റിൽ 2026-27 അധ്യയന വർഷത്തെ എം.ബി.എ. -അഗ്രി. ബിസിനസ് മാനേജ്മെന്റ് കോഴ്സിലേക്കുള്ള പ്രവേശനത്തിനായി വിജ്ഞാപനം പുറപ്പെടുവിച്ചു. യോഗ്യത, അപേക്ഷാ ഫീസ് എന്നിവയടക്കമുള്ള വിശദമായ പ്രോസ്പെക്ടസ് ഡൗൺലോഡ് ചെയ്യുന്നതിനും ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനും സർവകലാശാലയുടെ www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർ ശിക്കുക. ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയ്യതി ഏപ്രിൽ 10. (10.04.2026). കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0487 2438131, 0487 2438132.

## പരിശീലന പരിപാടി

3. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് 2026 മാർച്ച് 18, 19 തീയതിയിൽ **ആട് വളർത്തൽ** എന്ന വിഷയത്തിലും പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0497 2763473.

4. റബ്ബർ ബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ .ആർ.റ്റി. 2026 മാർച്ച് 17, 18 തീയതികളിൽ രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 12.30 വരെ റബ്ബറുത്പന്ന നിർമാണത്തിൽ ഓൺലൈൻ ആയി പരിശീലനം നൽകുന്നു. പരിശീലന മാധ്യമം മലയാളം ആയിരിക്കും. ഇതുസംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9497487209 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക. ഇ മെയിൽ training@rubberboard.org.in

## കാർഷിക നിർദേശം

പച്ചക്കറികളിൽ മണ്ഡരി, ഇലപ്പേൻ, വെള്ളീച്ച മുതലായ നീരൂറ്റിക്കുടിക്കുന്ന പ്രാണികൾ മൂലമുള്ള കുരുടിപ്പുരോഗം കാണാൻ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സാധ്യതയുണ്ട്. 20 ഗ്രാം വെർട്ടിസീലിയം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുക, അല്ലെങ്കിൽ വേപ്പെണ്ണയടങ്ങുന്ന കീടനാശിനികൾ പത്ത് ദിവസം ഇടവിട്ട് ഇതിന്റെ നിയന്ത്രണത്തിനായി തളിക്കുകയോ ചെയ്യുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം